വും സമാധാനപൂർണമായ സഹവർത്തിത്വവും പടുത്തുയർത്തുന്നതിന് സ്ഥിരമായ ഒരടിത്തറയായിരിക്കും സൈബീരിയൻ പൈപ്പ്ലൈൻ. യൂറോപ്പിന്റെ സാമ്പത്തികഭദ്രതയ്ക്കും സുഖജീവിതത്തിനും ഈ പൈപ്പ് ലൈൻ നല്കുന്ന സംഭാവന കുറച്ചൊന്നുമായിരിക്കയില്ല. സൈബീരിയൻ ഗ്യാസ് കത്തിച്ച് ഭക്ഷണം പാകപ്പെടുത്തുന്ന പടിഞ്ഞാറൻ യൂറോപ്പിലെ വീട്ടമ്മമാർ സോവിയററ്യൂണിയനെതിരെ അണ്വായുധങ്ങൾ സംഭരിച്ചു വെക്കുവാൻ തങ്ങളുടെ ഭർത്താക്കന്മാരെയും പുത്രന്മാരെയും അനുവദിക്കുമെന്ന് കരുതിക്കൂടാ നാറേറാ സഖ്യത്തിന് അപ്പോൾ പ്രസക്തിയില്ലാതാവും. ഇക്കാരണങ്ങളാൽ സൈബീരിയൻ പൈപ്പ്ലൈൻ തടയാനല്ലെങ്കിൽ താമസിപ്പിക്കാനെങ്കിലും റേയ്ഗന്റെ അമേരിക്ക കിണഞ്ഞു ശ്രമിക്കുന്നതിൽ ആശ്ചര്യമില്ല. പക്ഷേ, ഈ സമരത്തിൽ അമേരിക്ക തോററുകഴിഞ്ഞിരിക്കുന്നു. നാണക്കേട് കഴിയുന്നത്ര ഒഴിവാക്കി എങ്ങനെ പിൻവാങ്ങാമെന്നതു മാത്രമാണ് ഇനി അമേരിക്കയ്ക്ക് ആലോചിക്കാനുള്ളത്.

13 സെപ്തംബർ, 1982

# 4. ജപ്പാൻ ഇന്ത്യയിൽ?

ഇക്കഴിഞ്ഞ ആഗസ്റ്റ് ആദ്യവാരത്തിൽ, അമേരിക്കൻ ഐക്യനാടുകളിൽ നിന്നു തിരിച്ചുവരുംവഴി, പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ജപ്പാൻ സന്ദർശിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ജാപ്പനീസ് വിദേശകാര്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതലസംഘം ദില്ലി സന്ദർശിച്ചു. താമസിയാതെ ജാപ്പനീസ് പ്രധാനമന്ത്രിയും ഇന്ത്യ സന്ദർശിക്കുമെന്നാണ് കരുതപ്പെടുന്നത്. ഇന്ത്യയിലെ വ്യവസായങ്ങളെ നവീകരിക്കുന്നതിനും വൈവിധ്യവല്ക്കരിക്കുന്നതിനും ജപ്പാന്റെ സാങ്കേതിക വൈദഗ്ദ്ധ്യവും സാമ്പത്തിക സഹായവും വലിയതോതിൽ ലഭിച്ചേക്കാമെന്ന ആശ ഈ സന്ദർശനങ്ങളുടെ ഫലമായി ഉളവായിട്ടുണ്ട്.

പാശ്ചാത്യവല്ക്കരണവും, പാശ്ചാത്യരീതിയിലുള്ള വ്യവസായവല്ക്കരണവും ജപ്പാനിൽ ആരംഭിച്ചതു് ഒരു നൂററാണ്ടു മുമ്പു മാത്രമാണ്—കൃത്യമായി പറഞ്ഞാൽ 1868-ൽ. നല്ലതെന്നു തോന്നിയതെന്തും ഉടനടി നടപ്പിലാക്കുന്ന ശീലം ജപ്പാൻകാർക്ക് അന്നേ ഉണ്ടായിരുന്നു. വെറും നാലു കൊല്ലത്തിനകം, 1872-ൽ, ജപ്പാനിൽ റെയിലുകളിലൂടെ തീവണ്ടികൾ ഓടാൻ തുടങ്ങി.

പിന്നീടങ്ങോട്ടു പാശ്ചാത്യരീതിയിൽ ധൃതിപിടിച്ച ഒരു വ്യവസായവല്ക്കരണ പരിശ്രമമായിരുന്നു ജപ്പാനിൽ. വ്യവസായവല്ക്കരണത്തിൽ മാത്രമായി ഒതുങ്ങിനില്ക്കാതെ, പാശ്ചാത്യരെപ്പോലെ രാജ്യത്തെ സൈനികവല്ക്കരിക്കുന്നതിനും, കോളനികൾ വെട്ടിപ്പിടിക്കുന്നതിനും ജപ്പാൻ മുതിർന്നു പാശ്ചാത്യരെ അവരുടെതന്നെ പ്രവർത്തനരീതികളുപയോഗിച്ചു പരാജയപ്പെടുത്തുന്നതിനുള്ള ജപ്പാന്റെ വെപ്രാളം പര്യവസാനിച്ചതു് രണ്ടാം മഹായുദ്ധത്തിൽ സംഭവിച്ച കടുത്ത പരാജയത്തിലായിരുന്നു.

യുദ്ധത്തിലെ തോൽവി, പക്ഷേ, ജപ്പാൻജനതയെ നിരാശപ്പെടുത്തിയില്ല രണ്ട് ആററംബോംബുകളുടെ മരണച്ചാരം കുടഞ്ഞുകളഞ്ഞ് ജപ്പാൻ വളരെ വേഗത്തിൽ ഒരു അത്യാധുനിക വ്യാവസായിക രാഷ്ട്രമായി വളർന്നു. എണ്ണയോ ഗ്യാസോ കല്ക്കരിയോ ഇരുമ്പയിരോ വ്യവസായവല്ക്കരണത്തിനാവശ്യമായ മററു പ്രകൃതിവിഭവങ്ങളോ, ജപ്പാനിൽ ഇല്ല. എല്ലാം അന്യരാജ്യങ്ങളിൽനിന്നു വില കൊടുത്തു വാങ്ങി കടത്തിക്കൊണ്ടു

വരണം. നാട്ടിൽ കിട്ടാനുള്ളത് ജനങ്ങൾ മാത്രം. പക്ഷേ, അതു മാത്രം മതിയായിരുന്നു. ജപ്പാൻകാർ നൂറു ശതമാനം സാക്ഷരരാണ്; അദ്ധ്വാനശീലരാണ്; പുതുമയെ ഭയപ്പെടാത്തവരുമാണ്. യുദ്ധവിരാമസന്ധിയിലൊപ്പിട്ട് കാൽ നൂററാണ്ടിനകം ഉരുക്ക്, കപ്പൽനിർമാണം, മോട്ടോർ കാർ നിർമാണം മുതലായ ഘനവ്യവസായങ്ങളിൽ ജപ്പാൻ ലോകരാഷ്ട്രങ്ങളുടെ മുന്നണിയിലെത്തി. പാശ്ചാത്യരാജ്യങ്ങളിൽനിന്ന്, പ്രത്യേകിച്ച് അമേരിക്കയിൽനിന്ന്; വിലകൊടുത്തു് ഇറക്കുമതി ചെയ്ത സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗിച്ചാണ് ജപ്പാൻ അത്ഭുതകരമായ ഈ നേട്ടം കൈവരിച്ചത്. ഇപ്പോൾ ലോകത്തിലേക്കും വലിയ ഉരുക്കുനിർമാണശാല, ഒരൗൺസ് ഇരുമ്പയിരുപോലും മണ്ണിൽനിന്നു കുഴിച്ചെടുക്കാൻ കിട്ടാത്ത ജപ്പാനിലാണുള്ളത്. അമേരിക്കൻ മോട്ടോർകാർ വ്യവസായത്തിന് ഏററവും കടുത്ത മത്സരം 'നേരിട്ടുകൊണ്ടിരിക്കുന്നതു് ജപ്പാനിൽനിന്നാകുന്നു.

1950-കളിൽ ജപ്പാൻ ഇലക്ട്രോണിക് വ്യവസായത്തിൽ ശ്രദ്ധ ചെലുത്തിത്തുടങ്ങി. ട്രാൻസിസ്റ്റർ കണ്ടുപിടിച്ചതു് ജപ്പാൻകാരല്ലെങ്കിലും അതിൻെറ ഉപയോഗം സാർവത്രികമാക്കിയതു് അവരായിരുന്നു. 1955-ൽ ജാപ്പനീസ് ട്രാൻസിസ്റ്റർ റേഡിയോകൾ ലോകമാർക്കററിൽ നിറഞ്ഞു. 1953-ലാണ് ജപ്പാനിൽ ടെലിവിഷൻ പ്രക്ഷേപണം തുടങ്ങിയത്. 1960 ആയപ്പോഴേക്കും ജപ്പാനിലെ ഓരോ വീട്ടിലും ടെലിവിഷൻസെററുകൾ സ്ഥാപിക്കപ്പെട്ടു. അവിടുന്നിങ്ങോട്ട് ജപ്പാനിൽ നടന്നതു് ഒരു ഇലക്ട്രോണിക് വിപ്ലവംതന്നെയാണ്. 'ഉയർന്ന ടെക്നോളജി' (ഹൈടെക്) എന്നും 'പുതിയ വ്യവസായ വിപ്ലവം' എന്നും അറിയപ്പെടുന്ന ഇലക്ട്രോണിക് വിപ്ലവത്തിൽ ജപ്പാൻ ഇപ്പോൾത്തന്നെ ഇരുപത്തൊന്നാം ശതകത്തിലെത്തിക്കഴിഞ്ഞിരിക്കുന്നതായി നിരീക്ഷകർ കരുതുന്നു.

ആയുധനിർമാണം, അതിൻെറതന്നെ ഒരു വിഭാഗമായ വിമാനനിർമാണം എന്നിവയിലൊഴിച്ചാൽ, വ്യവസായത്തിൻെറ മറേറതു് മേഖലയിലും യൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും വ്യാവസായിക രാജ്യങ്ങളോടൊപ്പമെത്തിയിട്ടുണ്ട് ജപ്പാൻ. ചില മേഖലകളിൽ ജപ്പാൻ ഈ വ്യവസായവത്കൃതരാജ്യങ്ങളെ അപേക്ഷിച്ച് 10-15 കൊല്ലം മുന്നോട്ടു പോയിട്ടുമുണ്ടത്രേ. ഉല്പന്നങ്ങൾ കൂടുതൽ കാര്യക്ഷമങ്ങളായും, കൂടുതൽ ചെറുതായും കൂടുതൽ ആദായകരമായും നിർമിക്കുന്ന കാര്യത്തിൽ ജപ്പാനെ വെല്ലുവിളിക്കാൻ ഇന്നു ലോകത്തിൽ മറെറാരു രാജ്യവുമില്ല. 'ജപ്പാനിൽ നിർമിതം' എന്നതു് മേന്മയുടെ ഗാരണ്ടിയായിരിക്കുന്നു. നിർമാണത്തിലുള്ള ഈ പാടവംമൂലമാണ് മോട്ടോർ വാഹനങ്ങളും ഉരുക്കു സാമാനങ്ങളും അമേരിക്കയിൽ ചുരുങ്ങിയ വിലയ്ക്കു കൊണ്ടുചെന്നു വില്ക്കാൻ ജപ്പാൻ കഴിവു നേടിയതു്. ഇലക്ട്രോണിക് ഉപകരണങ്ങളെപ്പററി പറയുകയാണെങ്കിൽ, നന്നെ ചെറിയ ജാപ്പനീസ് പോക്കററ് കാൽക്കുലേററുകൾ ചെന്നെത്താത്ത പരിഷ്കൃതഗൃഹങ്ങൾ ഒരു രാജ്യത്തുമില്ല. ജപ്പാനിൽ നിർമിച്ച മിനി കമ്പ്യൂട്ടറുകൾ വ്യവസായശാലകളിൽനിന്ന് ഓഫീസുകളിലും അവയിൽനിന്ന് വീടുകളിലും സ്ഥലംപിടിച്ചു കഴിഞ്ഞിരിക്കുന്നു. കമ്പ്യൂട്ടറുകളുടെ ഹൃദയം എന്നു വിവരിക്കാവുന്ന മൈക്രോ ചിപ്പുകൾ (സെമി-കണ്ടക്ടറുകൾ) നിർമിക്കുന്ന കാര്യത്തിൽ മുന്നണിയിൽ നിന്നിരുന്ന അമേരിക്കയെ ജപ്പാൻ കടത്തിവെച്ചു തുടങ്ങിയിട്ടുണ്ട്. വ്യവസായ വിപ്ലവത്തിൽ ഉരുക്കു വഹിച്ച പങ്കാണ് ഇലക്ട്രോണിക് വിപ്ലവത്തിൽ ചിപ്പുകൾക്ക് ഉള്ളതു്. '64 കെ. റാം' എന്ന പേരിൽ അറിയപ്പെടുന്ന ഒരൊററ ചിപ്പിൽ 65,536 വ്യത്യസ്ത വിവരങ്ങൾ സംഭരിക്കാൻ കഴിയുമത്രേ. ഇത്തരം ചിപ്പുകളുടെ ലോകവ്യാപാരത്തിൽ 70 ശതമാനവും ജപ്പാനിലെ നിപ്പോൺ ഇലക്ട്രിക് കമ്പനി ഇതിനകം കൈയടക്കിക്കഴിഞ്ഞിട്ടുണ്ട്.

താമസിയാതെ ഇതേ വലിപ്പത്തിലുള്ള ഒരു ചിപ്പിൽ പത്തുലക്ഷം വ്യത്യസ്ത വിവരങ്ങൾ സംഭരിക്കാൻ സാദ്ധ്യമാവുമെന്നു വിശ്വസിക്കപ്പെടുന്നു. ഇതിന്റെ ഫലം, ലോകവ്യാപകമായ കമ്പ്യൂട്ടർവ്യാപാരം ജപ്പാന്റെ സ്വാധീനത്തിലാവുകയെന്നതാണ്. കൈയിൽ കൊണ്ടുനടക്കാവുന്ന, ചെറിയ, 'പേഴ്സണൽ' കമ്പ്യൂട്ടറുകൾ മാർക്കററിൽ ഇറങ്ങിത്തുടങ്ങിയിട്ടുണ്ട്. അമേരിക്കയുടെ മോട്ടോർ വ്യവസായത്തെയും ഉരുക്കു വ്യവസായത്തെയും ടെലിവിഷൻ വ്യവസായത്തെയും മത്സരിച്ചു തോല്പിച്ചതുപോലെ ജപ്പാൻ ഇലക്ട്രോണിക് വ്യവസായത്തിലും മേധാവിത്തം സ്ഥാപിച്ചേക്കുമെന്നതു് ഇതിനകം അമേരിക്കൻ വ്യവസായികളുടെ പേടിസ്വപ്നമായി തീർന്നിട്ടുണ്ട്.

ഇലക്ട്രോണിക് വ്യവസായത്തിനു പുറമെ 'റോ ബോട്ടുകൾ' എന്നറിയപ്പെടുന്ന യന്ത്രമനുഷ്യരുടെ നിർമാണത്തിലും ജപ്പാൻ ലോകമേധാവിത്തം നേടിയിട്ടുണ്ട്. ഇപ്പോൾത്തന്നെ ജപ്പാനിൽ 14,246 റോബോട്ടുകൾ പ്രവർത്തിക്കുന്നുണ്ടത്രേ. ഒരു തൊഴിലാളി യാന്ത്രികമായി ചെയ്യുന്ന മിക്ക പ്രവൃത്തികളും ചെയ്യാൻ ഒരു റോബോട്ടിനു കഴിയും. ഭാരമുള്ള വസ്തുക്കൾ ഉയർത്തൽ, ചായമടിക്കൽ, വെൽഡനം മുതലായ ആപദ്സാദ്ധ്യതയുള്ളവയും വൃത്തികെട്ടവയുമായ പണികൾ പൂർണമായും ഇവയെ ഏല്പിക്കാം. ചിലതരം ഫാക്ടറികളിൽ രാത്രിയിലെ ഷിഫ്ററ് അങ്ങനെതന്നെ റോബോട്ടുകളെക്കൊണ്ടു നിർവഹിക്കാമത്രേ. പത്തു റോബോട്ടുകൾ ചെയ്യുന്ന പണിക്കു മേൽനോട്ടം വഹിക്കാൻ ഒരു മനുഷ്യൻ ഉണ്ടായാൽ മതിയാവും. മനുഷ്യനേക്കാൾ വേഗത്തിലും തൃപ്തികരമായും ഇവ ജോലി ചെയ്യും. കൂലി ചോദിക്കുകയുമില്ല! റോബോട്ടുകളുടെ നിർമാണവും പ്രവർത്തനവും പ്രതിപാദിക്കുന്ന 'റോബോട്ടിക്സ്'. എന്ന ഒരു വിജ്ഞാനശാഖതന്നെ നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ലോകത്തിലാകെയുള്ള റോബോട്ടുകളിൽ അമ്പത്തൊമ്പതു ശതമാനം ഇപ്പോൾ ജപ്പാനിലാകുന്നു. 1980-ൽ ജാപ്പനീസ് ഫാക്ടറികൾ ഇരുപത്തൊന്നു കോടി ഡോളർ വിലയുള്ള റോബോട്ടുകളെ ഉണ്ടാക്കിയത്രെ. 1985 ആവുമ്പോഴേക്കും ആണ്ടിൽ 100 കോടി ഡോളർ—ഇപ്പോഴത്തേതിന്റെ അഞ്ചിരട്ടി—വിലയുള്ള റോബോട്ടുകളെ ജപ്പാൻ നിർമിച്ചു തുടങ്ങുമെന്നാണ് അമേരിക്കൻ നിരീക്ഷകർ വിശ്വസിക്കുന്നതു്.

പ്രകൃതിയിലെ ജീവനുള്ള സെല്ലുകളുടെ സംരചന വ്യത്യാസപ്പെടുത്തി പുതിയ പദാർത്ഥങ്ങൾ സൃഷ്ടിക്കുന്നതിനെയാണ് 'ജെനററിക് എൻജിനീയറിങ്' എന്നു പറയുന്നതു്. ഈ പുതിയ വ്യവസായത്തിന്റെ മുന്നണിയിലും ജപ്പാനെ കാണാം. ജെനററിക് എൻജിനീയറിങ്ങിലൂടെ നിർമിച്ച 'ഇൻടെർഫെറോൺ' എന്ന രോഗപ്രതിരോധക വസ്തു 1983-ൽ വ്യവസായാടിസ്ഥാനത്തിൽ കയററി അയച്ചു തുടങ്ങാൻ ജപ്പാൻ തയ്യാറെടുത്തുവരികയാണ്. പുതിയ അമിനോ-ആസിഡുകൾ, ആൻറിബയോട്ടിക്കുകൾ എന്നിവയാണ് ജപ്പാന്റെ വ്യാവസായിക താല്പര്യം ഉയർത്തിയിട്ടുള്ള മററു ചില വസ്തുക്കൾ. ഇത്തരത്തിൽപ്പെട്ട, സോയാബീൻ കുഴമ്പു മുതൽ പെൻസിലിൻവരെയുള്ള പല വസ്തുക്കൾ നിർമിച്ചു വിററ് ജപ്പാൻ ഇപ്പോൾ ആണ്ടുതോറും അയ്യായിരം കോടി ഡോളറിലേറെ നേടുന്നുണ്ടത്രേ. കൃത്രിമ രക്തനിർമാണത്തിലും ജപ്പാൻ ഫലസിദ്ധി കൈവരിച്ചിട്ടുണ്ട്.

ഇങ്ങനെ വ്യവസായത്തിന്റെ പുതിയ മേഖലകൾ തേടാൻ ജപ്പാനെ നിർബന്ധിച്ചതു് 1970-കളുടെ ആദ്യവർഷങ്ങളിലുണ്ടായ എണ്ണവില വർദ്ധനയാണ്. എണ്ണവിലയിൽ പെട്ടെന്നു വന്ന കുതിച്ചുകയററം ജപ്പാനെ തികച്ചും പാപ്പരാക്കുമെന്നു തോന്നി. പക്ഷേ, നിർമാണത്തിന്റെ പുതിയ മേഖലകൾ വികസിപ്പിച്ച്, 1976 ആയപ്പോഴേക്കും, ജാപ്പനീസ് വ്യവസായം സമൃദ്ധിയുടെ പുതിയ അധിത്യകകൾ കൈയടക്കി. ഊർജോല്പാ

ദനത്തിന് അണുശക്തിയെ ഗണ്യമായി ആശ്രയിക്കുന്ന ഒരു രാജ്യമാണ് ജപ്പാൻ. ഇപ്പോൾ അവിടെ 23 അണുവൈദ്യുതികേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. 1990 ആകുമ്പോഴേക്കും ജപ്പാനിൽ അണുവൈദ്യുതിയുടെ ഉല്പാദനം ഇപ്പോഴത്തേതിന്റെ ഇരട്ടിയാകുമത്രേ. അണുഭേദനത്തിലൂടെ അല്ലാതെ, അണുസംയോജനത്തിലൂടെ (അതായത്, ഹൈഡ്രജൻ ബോംബിന്റെ തത്ത്വം ഉപയോഗപ്പെടുത്തി) വൈദ്യുതി നിർമിക്കാനുള്ള ലോകത്തിലെ ഏററവും വലിയ പരിശ്രമം ജപ്പാനിൽ രൂപംകൊണ്ടു വരികയുമാണ്.

കളിമണ്ണ്, പ്ലാസ്റ്റിക് എന്നിവയാണ് ജാപ്പനീസ് വ്യവസായം വികസിപ്പിച്ചെടുക്കുന്ന രണ്ടു പുതിയ നിർമാണ പദാർത്ഥങ്ങൾ. ഇപ്പോൾ ലോഹങ്ങൾ ഉപയോഗിക്കുന്നതിനു പകരം ഭാവിയിൽ പലതരം പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുവാൻ ഈ ശ്രമം മൂലം സാധ്യമാവും. ജപ്പാനിലെ ഒരു ചെറിയ കാർഫാക്ടറി കളിമണ്ണ് (സിറാമിക്സ്) മുഖ്യമായും ഉപയോഗിച്ച് നിർമിച്ച ഒരു മോട്ടോർകാർ എൻജിൻ ഈ വർഷത്തിന്റെ ആദ്യത്തിൽ പ്രദർശിപ്പിച്ചിരുന്നു. ഇതിൽ കുറച്ച് ഉരുക്കും ഉപയോഗിച്ചിരുന്നു. എങ്കിലും അധികം ഭാഗങ്ങളും നിർമിച്ചിരുന്നത് കളിമണ്ണുകൊണ്ടാണ്. കോബാൾട്ട്, നിക്കൽ, ടങ്സ്റ്റൺ മുതലായ വിലകൂടിയ ലോഹങ്ങളും കൂട്ടലോഹങ്ങളും ഉപയോഗിച്ച് ഇന്നു നിർമിക്കുന്ന പല യന്ത്രഭാഗങ്ങളും കളിമണ്ണുകൊണ്ടു നിർമിക്കപ്പെടുന്ന കാലം വിദൂരത്തിലല്ലെന്നു കരുതപ്പെടുന്നു.

സർവതോമുഖമായ ഈ വ്യവസായാഭിവൃദ്ധിയുടെ ഫലമായി, ഉപഭോഗവസ്തുക്കളോടൊപ്പം മൂലധനവും മററു രാജ്യങ്ങളിലേക്ക് ജപ്പാൻ കയററി അയച്ചു തുടങ്ങിയിട്ടുണ്ട്. ഐർലൻഡിലും സ്കോട്ലൻഡിലും, അമേരിക്കയിൽ കാലിഫോർണിയയിലും മസാച്ചുസെററ്സിലും ടെക്സാസിലും ജാപ്പനീസ് ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു.

ഇന്ത്യയിലും, ചുരുങ്ങിയ തോതിലെങ്കിലും ജപ്പാൻ മൂലധനം നിക്ഷേപിച്ചിട്ടുണ്ട്. ഇതുവരെ ഇന്ത്യക്ക് ജപ്പാൻ നൽകിയ വികസനസഹായം രണ്ടായിരത്തി മുന്നൂറു കോടി രൂപയോളമാണ്. തൂത്തുക്കുടി, ഹാസിറ, ഫാൽവൈഷെററ് എന്നീ സ്ഥലങ്ങളിലെ രാസവള നിർമാണശാലകൾ, ദുർഗാപ്പൂരിലെ കൂട്ടലോഹ നിർമാണശാല, ബോംബെ കടലിലെ എണ്ണ ഖനനം, നാഗാർജുനസാഗർ ജലവൈദ്യുത പദ്ധതി, ഉത്തർപ്രദേശിൽ അൻപാറയിലുള്ള താപവൈദ്യുതപദ്ധതി എന്നിവയും റെയിൽവേ വൈദ്യുതീകരണത്തിനും ടെലികമ്യൂണിക്കേഷൻ പദ്ധതികൾക്കുമാണ് ജപ്പാൻ ഇന്ത്യയെ സഹായിച്ചിട്ടുള്ളത്.

ഇന്ത്യയിലെ ഇലക്ട്രോണിക് വ്യവസായം ഇന്നും ശൈശവാവസ്ഥയിലാണ്. ജപ്പാൻ സഹായിക്കുന്ന പക്ഷം നമുക്ക് ഈ വ്യവസായത്തെ നവീകരിച്ച് ലോകനിലവാരത്തിലേക്കുയർത്താൻ കഴിയും. മററു് അടിസ്ഥാന വ്യവസായങ്ങളും പരിഷ്കരിച്ച് കാര്യക്ഷമതയും ഉല്പാദനവും ഉല്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും, ജാപ്പനീസ് സഹകരണം ഉതകാതിരിക്കുകയില്ല. കാര്യക്ഷമതക്കും ഗുണനിലവാരത്തിനും ശ്രുതിപ്പെട്ടവയാണ് ഇപ്പോൾ ജാപ്പനീസ് ഉല്പന്നങ്ങൾ എന്നതുതന്നെ കാരണം.

ലോകജനതയിൽ പകുതിയോളം പാർക്കുന്നത് ഏഷ്യയിലാണ്. ലോകത്തിലെ ഏററവും അധികം ദരിദ്രരും ഏററവുമധികം രോഗബാധിതരും ഏററവുമധികം അവശരുമായ ജനങ്ങൾ ഏഷ്യക്കാരത്രേ. ഏഷ്യയിൽ ജപ്പാനു പുറമേ സിംഗപ്പൂർ, ഹോങ്കോങ്, തൈവാൻ, തെക്കൻ കൊറിയ എന്നീ നാലു രാജ്യങ്ങളും വ്യാവസായികമായി വളരെയധികം പുരോഗമിച്ചിട്ടുണ്ട്. അതേസമയം, എണ്ണ കുഴിച്ചെടുത്തു വില്ക്കുന്നതിൽ നിന്നു കൈവന്ന അപരിമിതമായ സമൃദ്ധി ഇൻഡോനേഷ്യയേയും

ഗരംഫ് രാജ്യങ്ങളേയും അനുഗ്രഹിച്ചിട്ടുമുണ്ട്. ജപ്പാൻെറയും മററും വ്യാവസായിക വിജ്ഞാനവും ഗരംഫ് രാജ്യങ്ങളുടെ മൂലധനവും ഇന്ത്യപോലെയുള്ള രാജ്യങ്ങളിലെ ജനകോടികളുടെ അദ്ധ്വാനവും ഒന്നിച്ചു ചേർക്കാൻ കഴിഞ്ഞാൽ വടക്കേ അമേരിക്കയിലും പടിഞ്ഞാറെ യൂറോപ്പിലും ഇന്നുള്ള സമ്പദ്സമൃദ്ധി ഏതാനും ദശാബ്ദങ്ങരംക്കുള്ളിൽ ഏഷ്യയിലും സാർവത്രികമായിത്തീരാതിരിക്കയില്ല. അപ്പോരം സാങ്കേതിക പരിജ്ഞാനത്തിനും യന്ത്രസാമഗ്രികരംക്കും പ്രവർത്തന മൂലധനത്തിനുംവേണ്ടി പാശ്ചാത്യ ശക്തികളുടെ മുഖം നോക്കി നില്ക്കേണ്ട ആവശ്യം ഏഷ്യക്കാർക്ക് ഉണ്ടാവുകയില്ല.

ഇന്ന് ഇതൊരു സ്വപ്നം മാത്രമായിരിക്കാം. പക്ഷേ, ഇന്നത്തെ പല സ്വപ്നങ്ങളും നാളെ യാഥാർത്ഥ്യങ്ങളായിക്കൂടെന്നില്ലല്ലോ. പരസ്പര സഹകരണത്തിലൂടെ ഏഷ്യ ഉണർന്നെഴുന്നേല്ക്കുകയും മുന്നോട്ടു നീങ്ങുകയുമാണെങ്കിൽ, മനുഷ്യവർഗത്തിനാകെ അതിലേറെ ആഹ്ലാദകരമായ മറെറാരു സംഭവവികാസം ഉണ്ടാകാനില്ല.

8 സെപ്തംബർ, 1982

# 5. ഈറാൻ–ഇറാക്ക് യുദ്ധം

ഈറാനും ഇറാക്കും തമ്മിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന യുദ്ധം ആരംഭിച്ചതു് ഇരുപത്തിമൂന്നു മാസം മുമ്പ്, 1980 സെപ്തംബറിൽ, ഈറാൻെറ കീഴിലായിരുന്ന, ധാരാളം എണ്ണനിക്ഷേപങ്ങളുള്ള ഖുസിസ്ഥാൻ പ്രദേശത്തേക്കു് ഇറാക്ക്സൈന്യം ആക്രമിച്ചു കടന്നപ്പോഴാണ്. 1979-ൽ മതനേതാവായ ആയത്തൊള്ള ഖൊമൈനിയുടെ നേതൃത്വത്തിൽ നടന്ന കലാപവും ഷാ ചക്രവർത്തിയുടെ പലായനവുംമൂലം ഈറാനിൽ വ്യവസ്ഥാപിതഭരണം ഏറെക്കുറെ നാമാവശേഷമായിത്തീർന്നിരുന്നു. ഈ അവസരം ഉപയോഗപ്പെടുത്തിയാണ്, പഴയ അതിർത്തിത്തർക്കങ്ങരം പരിഹരിക്കുന്നതിനെന്ന ഭാവത്തിൽ, പേഴ്സ്യൻ ഉരംക്കടൽ പ്രദേശത്തു് തൻെറ പ്രാമാണ്യം ഉറപ്പിക്കുന്നതിനായി, ഇറാക്കിൻെറ പ്രസിഡണ്ടായ സദ്ദാം ഹുസൈൻ, യൂഫ്രട്ടീസ്–ടൈഗ്രീസ് നദികളുടെ അഴിമുഖത്തു് കടൽ കരയിലേക്കു തള്ളി നീണ്ടുകിടക്കുന്നതുകൊണ്ടു് ഉണ്ടായ ഷാററ്–അൽ–അരബ് എന്ന ജലമാർഗം കടന്നു് ഇറാക്കിലെ എണ്ണയുല്പാദന കേന്ദ്രമായ ഖൊറംഷഹർ എന്ന തുറമുഖപട്ടണം പിടിച്ചെടുത്തതു്. തുടർന്നു് ഖൊമൈനി സദ്ദാം ഹുസ്സൈനെ ഇസ്ലാമിൻെറ ശത്രുവായി പ്രഖ്യാപിക്കുകയും, ഇറാക്കിന്നെതിരെ 'ജിഹാദ്' (മതയുദ്ധം) ആരംഭിക്കുകയും ചെയ്തു.

ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഈറാൻ സൈന്യം ഖൊരംഷഹർ തിരിച്ചു പിടിച്ചു. ജൂൺ മാസത്തിൽ സദ്ദാം ഹുസ്സൈൻ ഏകപക്ഷീയമായി വെടി നിറുത്തുകയും, തൻെറ സൈന്യങ്ങളെ മുഴുവൻ ഈറാനിൽ നിന്നു പിൻവലിക്കുകയും, ഈറാനോടു് സന്ധിക്കു് അപേക്ഷിക്കുകയും ചെയ്തു. പക്ഷേ, മതനേതാവെന്ന നിലയിൽ ഈറാനിലെ ഭരണം നിയന്ത്രിക്കുന്ന ഖൊമൈനിയുടെ ലക്ഷ്യം സന്ധിയല്ലായിരുന്നു. ഇറാക്കിൻെറ പ്രസിഡണ്ട് സ്ഥാനം സദ്ദാം ഹുസ്സൈൻ രാജിവെക്കണം; ഇറാക്കിലെ ഭരണകക്ഷിയായ ബാത്ത് പാർട്ടി പിരിഞ്ഞുപോകണം; ഇറാക്കിൽ, ഈറാനിലെന്നപോലെ, ശുദ്ധമായ ഒരു ഇസ്ലാമിക ഭരണകൂടം സ്ഥാപിക്കണം; ഇറാക്കിൽനിന്നു് ഓടിപ്പോയ, ഈറാൻ വംശജരായ, ഒരു ലക്ഷം ഷിയാ മുസ്ലിങ്ങളെ ഇറാക്കിൽ വീണ്ടും കുടിയിരുത്തണം; പതിനയ്യായിരം കോടി